**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .5460 18-11-2019 -ൽ മറുപടിക്ക്

## ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പ്രളയബാധിതരായവർക്ക് അർഹമായ ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ബി.ഡി. ദേവസ്സി** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | 2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തിൽ ദുരന്ത ബാധിതരായ ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അപേക്ഷകർക്ക് അർഹമായ ധനസഹായം ഇനിയും ലഭ്യമാകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | 2018-ലെ പ്രളയത്തിൽ ദുരന്ത ബാധിതരായ ചാലക്കുടി മണ്ഡലത്തിൽപ്പെട്ടവരുടെ അപേക്ഷകളിൽ അന്വേഷണ നടപടികൾ പൂർത്തീകരിച്ച് അർഹതയുള്ളതായി നിലവിൽ കണ്ടെത്തിയ മുഴുവൻ പേർക്കും ധനസഹായവിതരണം പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| ബി) | അപ്പീൽ അപേക്ഷകൾ പൂർണ്ണമായും പരിശോധിക്കുന്നതിനും അർഹരായ മുഴുവൻ അപേക്ഷകർക്കും ധനസഹായം ലഭ്യമാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ; | ബി) | 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് ചാലക്കുടി മണ്ഡലത്തിൽ ഉൾപ്പെട്ടവരുടെ അപ്പീൽ അപേക്ഷകളിൽ പരിശോധന നടത്തി അർഹതയുള്ളതായി നിലവിൽ കണ്ടെത്തിയ മുഴുവൻ പേർക്കും ധനസഹായ വിതരണം പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| സി) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ വില്ലേജുകളിൽ ഇതുവരെ എത്ര പേർക്കാണ് പ്രളയ ദുരിതാശ്വാസം അനുവദിച്ചിട്ടുള്ളത് എന്നും അനുവദിച്ച ആകെ തുക എത്രയാണ് എന്നും അറിയിക്കാമോ; | സി) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ വില്ലേജുകളിലെ 14,076 പേർക്ക് നാളിതുവരെ പ്രളയ ദുരിതാശ്വാസമായി 103,24,22,100/- രൂപ അനുവദിച്ചിട്ടുള്ളതാണ്. |
| ഡി) | 2019-ലെ കാലവർഷക്കെടുതിയിൽ ഉൾപ്പെട്ട അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | ഡി) | 2019-ലെ കാലവർഷക്കെടുതിയിൽ ഉൾപ്പെട്ട അപേക്ഷകർക്ക് ധനസഹായ വിതരണം തുടർന്നു വരുന്നു. |
| ഇ) | പ്രളയബാധിതരായ വ്യാപാരികൾക്ക് പലിശരഹിത വായ്പ അടക്കം എന്തെങ്കിലും വിധത്തിലുള്ള സഹായങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | ഇ) | ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ 36 കർഷകർ/ സംരഭകർ/ ചെറുകിട വ്യാപാര സ്ഥാപനങ്ങൾ എന്നിവർക്ക് ബാങ്കുകളിൽ നിന്നും എടുത്ത മൂലധന വായ്പയുടെ മാർജിൻ മണി/ താങ്ങു പലിശ, വായ്പ വിതരണം ചെയ്ത ബാങ്കുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാസ്വാസ നിധിയിൽ നിന്നും 38,82,500/- രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ